''പങ്കാളികളില് നിന്നും ഞാന് ധന്യനാണ്. എന്നില് പങ്കുചേര്ത്തുകൊണ്ട് വല്ലവനും വല്ല പ്രവര്ത്തവനും ചെയ്താല് അവനെയും അവന്റെ ശിര്ക്കിനെയും ഞാന് ഉപേക്ഷിച്ചിരിക്കുന്നു ''

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറയുന്നു: "അല്ലാഹു പറഞ്ഞിരിക്കുന്നു: "''പങ്കാളികളില് നിന്നും ഞാന് ധന്യനാണ്. എന്നില് പങ്കുചേര്ത്തുകൊണ്ട് വല്ലവനും വല്ല പ്രവര്ത്തവനും ചെയ്താല് അവനെയും അവന്റെ ശിര്ക്കിനെയും ഞാന് ഉപേക്ഷിച്ചിരിക്കുന്നു ''."

[صحيح] [رواه مسلم]

അല്ലാഹു പറഞ്ഞതായി നബി -ﷺ- പറയുന്നു: പങ്കാളികളില് നിന്നെല്ലാം അവൻ ധന്യനാണ്. എല്ലാ വസ്തുക്കളിൽ നിന്നും അതീവ ധന്യതയുള്ളവനത്രെ അവൻ. അതിനാൽ ഒരാൾ എന്തെങ്കിലുമൊരു നന്മ പ്രവർത്തിക്കുകയും, അത് അല്ലാഹുവിനും അല്ലാഹുവല്ലാത്തവർക്കുമായി നൽകുകയും ചെയ്താൽ അല്ലാഹു അവനിൽ നിന്ന് അത് സ്വീകരിക്കുന്നതല്ല. മറിച്ച് , അത് ചെയ്തവനിലേക്ക് തന്നെ അല്ലാഹു മടക്കുന്നതാണ്. അതിനാൽ അല്ലാഹുവിന് വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളിൽ ഇഖ്ലാസ് കാത്തുസൂക്ഷിക്കുക എന്നത് നിർബന്ധമാണ്. കാരണം അല്ലാഹുവിന്റെ പ്രീതി മാത്രം ഉദ്ദേശിച്ചു കൊണ്ട് ചെയ്ത പ്രവർത്തനങ്ങളേ അവൻ സ്വീകരിക്കുകയുള്ളൂ.

http://www.sunnah.global/hadeeth/ml/show/3342